# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,വഴുതക്കാട്,

തിരുവനന്തപുരം

website: www.forest.keralagov.in, Email: fibnews@gmail.com, Ph. 0471- 2529145


## പത്രക്കുറിപ്പ്

തീയതി.21.02.2019

### അലിമുക്ക് അച്ചൻകോവിൽ റോഡ് നവീകരണത്തിന് 14 കോടി: വനം മന്ത്രി അഡ്വ. രാജു

പുനലൂർ, അച്ചൻകോവിൽ, കോന്നി വനം ഡിവിഷനുകൾ ഉൾപ്പെടുന്ന അലിമുക്ക് - അച്ചൻകോവിൽ റോഡിന്റെ നവീകരണ പ്രവർത്തികൾക്കായി 14 കോടിയോളം രൂപ അനുവദിച്ചതായി വനം മന്ത്രി അഡ്വ. കെ. രാജു പറഞ്ഞു. ആകെയുള്ള 37 കി.മീറ്ററിൽ തൊടീക്കണ്ടം മുതൽ അവശേഷിക്കുന്ന 25.കി.മീറ്ററാണ് നവീകരിക്കുന്നത്. ഇവിടെയുള്ള തുറപാലത്തിന്റെ നിർമ്മാണവും നവീകരണത്തിൽ ഉൾപ്പെടും. ഇതോടെ സമീപവാസികളുടെ ഏറെ നാളത്തെ ഗതാഗതക്ലേശത്തിന് പരിഹാരമാകുമെന്ന് അദ്ദേഹം പറഞ്ഞു. 90 ലക്ഷം രൂപ ചിലവിൽ കുംഭാവുരുട്ടിയിൽ പുതുതായി നിർമ്മിച്ച മോഡൽ ഫോറസ്റ്റ് സ്റ്റേഷന്റെയും അലിമുക്ക് -അച്ചൻകോവിൽ റോഡ് നവീകരണത്തിന്റെയും ഉദ്ഘാടനം നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

നടക്കില്ലെന്ന് കരുതിയിരുന്ന വൻകിട പദ്ധതികൾ പോലും 1000 ദിനങ്ങൾക്കുള്ളിൽ സർക്കാരിന് നടപ്പാക്കാനായെന്ന് വനം മന്ത്രി അഭിപ്രായപ്പെട്ടു. വികസനത്തിന്റെ കാര്യത്തിൽ ജാതി-മത- രാഷ്ട്രീയ വേർതിരിവുകൾ പാടില്ല.

അച്ചൻകോവിലും സമീപ പ്രദേശങ്ങളിലുമായി 50 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് മന്ത്രി പറഞ്ഞു. ബാച്ചിലേഴ്സ് ഹോസ്റ്റൽ ഉൾപ്പെടെയുള്ള സൗകര്യങ്ങളാണ് കുംഭാവുരുട്ടി മോഡൽ ഫോറസ്റ്റ് സ്റ്റേഷനിൽ ഏർപ്പെടുത്തിയിട്ടുള്ളത്.

അച്ചൻകോവിൽ ക്ഷേത്ര ആഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ആര്യങ്കാവ് പഞ്ചായത്ത് പ്രസിഡന്റ് പ്രദീപ് ആർ. അദ്ധ്യക്ഷത വഹിച്ചു. കൊല്ലം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. എസ്. വേണുഗോപാൽ, ജില്ലാ പഞ്ചായത്തംഗം ഷീജ കെ. ആർ. മറ്റുത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ, വിവിധ രാഷ്ട്രീയ നേതാക്കൾ, എന്നിവർ സംസാരിച്ചു. അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ബി. സന്തോഷ് കുമാർ സ്വാഗതവും കോന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ശ്യാം മോഹൻലാൽ നന്ദിയും പറഞ്ഞു.


**ഡോ. അഞ്ചൽ കൃഷ്ണകുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ


FIBPR-75/19